സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ്- വിവിധ തസ്തികകളിലേക്ക് കെ.ഡി.ആർ.ബി മുഖേന നേരിട്ടുള്ള നിയമനം- അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7496/26/Est-1** നന്തൻകോട്, **17/10/2026**

---

പരാമർശം:- 1. 27.02.2026 ലെ സ.ഉ.(കൈ)8/2026/P&ARD നമ്പർ സർക്കാർ ഉത്തരവ്
2 ദേവസ്വം കമ്മീഷണറുടെ17.08.2026 ലെ ROCNo.538/26/REV/Est-A നമ്പർ റിപ്പോർട്ട്
3. ലാ ആഫീസറുടെ അഭിപ്രായം

## ഉത്തരവ്

കേരള പി.എസ്.സി മുഖേന വിവിധ വകുപ്പുകളിലെ നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം 1)

കേരള പി.എസ്.സിയിൽ നടപ്പാക്കിയ ഉയർന്ന പ്രായപരിധിയിലെ വർദ്ധനവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടത്തുന്ന നേരിട്ടുള്ള നിയമനങ്ങൾക്കും ബാധകമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറി സർക്കാരിലേക്ക് അയച്ച കത്ത്, റവന്യൂ(ദേവസ്വം) വകുപ്പിലെ കത്ത് എന്നിവ സഹിതം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു.(പരാമർശം 2)

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രായപരിധിയിലെ വർദ്ധനവ് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നേരിട്ടുള്ള നിയമനങ്ങൾക്കും ബാധകമാക്കാവുന്നതാണെന്നും എന്നാൽ സ്പെഷ്യൽ റൂളിൽ അതിനനുസൃതമായി ഭേദഗതി വരുത്തിയശേഷം മാത്രമേ അത് നടപ്പാക്കാൻ കഴിയുകയുള്ളു എന്നും ലാ ആഫീസർ അഭിപ്രായപ്പെട്ടു.(പരാമർശം 3)

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

(മറുപുറം)

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിലെ 4 വർഷത്തെ വർദ്ധനവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കെ.ഡി.ആർ.ബി മുഖേന നടത്തുന്ന നേരിട്ടുള്ള നിയമനങ്ങൾക്ക് ബാധകമാക്കിയും അതിൻ പ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

SECRETARY
TION
TRAVANCORE DEVASWOM BOARD

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി